# മരീചിക

സ്വന്തമായൊന്നുമില്ലീ ഭൂവിൽ,
തനിക്കുതാൻ പോലും അന്യം;
ദുഃഖമാണ് സ്നേഹം സ്വാർത്ഥമാണ്-
സർവ്വ ത്യാഗമാണതിൻ പൊരുൾ.

സ്നേഹിക്കും മനസ്സേ നീ വിഡ്ഢിയായോ?
മനുഷ്യാ നീ ബലഹീനനോ? ഇല്ലില്ല;
നീങ്ങുന്നു കാലവും, മാറുന്നു കോലവും,
കാലാന്തരത്തിൽ നൽകുന്നു പ്രതിഫലം.

നിരർത്ഥകമാണു ജീവിതം പക്ഷെ-
കണ്ടെത്തുന്നിതൊരായിരം അർത്ഥങ്ങൾ;
സ്വപ്നങ്ങൾ നയിക്കുന്നു ജീവിതമിഹേ,
നാമതിലാടും കോലങ്ങൾ മാത്രം.

ചരടുവലിക്കുന്നു, കോർത്തിണക്കുന്നു ജീവിതം,
പണിയുന്നു സത്രങ്ങൾ നമുക്കായ്;
തങ്ങുന്നിവിടെയന്തമില്ലാത്താശകൾ;
പുലരുമ്പോൾ ഭാണ്ഡവും പേറിയകലുന്നു.

അന്തിക്കു വന്നു ചേക്കേറും നിദ്രയിൽ,
മാഞ്ഞുപോകുന്നാ വിരഹവേദന.
ഇരുളിൽ വീചികൾ പോയ് മറയുമ്പോൾ,
ആരതിയുഴിയാനായ് എത്തും ഉഷസ്സ്.

ഓരോദിനവും നൽകുന്ന നന്മകൾ,
ഭൂമിയിൽ കിട്ടുന്ന ദാനമല്ലൊ;
ജീവിക്കാനുള്ളതാണീ ജന്മം,
സ്നേഹിക്കാനുള്ളതാണീ മനസ്സും.

കാപട്യമാർന്നൊരീയുലകിൽ,
സത്യാന്വേഷിയായ് തീരേണം,
ഒടുവിൽ മടങ്ങേണം തൃപ്തരായ്;
നിറയും, മനസ്സോടെ വിടചൊല്ലിടണം.